മലയാളം

# എന്റെ നോട്ട് ബുക്ക്

## പത്തായം

STD- 4



# അർഥം എഴുതുക

| | |
|---|---|
| മഹിതം | മഹത്തായത് |
| ഗതകാലം | കഴിഞ്ഞ കാലം |
| ചാതുര്യം | സാമർഥ്യം |
| ദൃഷ്ടാന്തം | ഉദാഹരണം |
| പൂർവികർ | പണ്ടുള്ളവർ |
| ശൂന്യം | ഒഴിഞ്ഞ സ്ഥലം (ഇല്ലായ്മ ) |
| സാർവത്രികം | സർവസാധാരണം |
| ശേഷിപ്പ് | ശിഷ്ടം ( ബാക്കി ) |
| സങ്കേതം | രക്ഷാസ്ഥലം |
| സംസ്കൃതി | സംസ്കാരം |
| സജീവം | ഓജസ്സുള്ള |
| പ്രതീകം | സൂചകം |
| മൃഷ്ടാന്നം | വയറുനിറയെയുള്ള ഭക്ഷണം |
| ആവശ്യകത | വേണമെന്ന സ്ഥിതി |
| ഭദ്രം | സുരക്ഷിതം (കരുതൽ ) |
| നാമാവശേഷമാവുക | ഇല്ലാതാവുക |

# വിപരീതപദം എഴുതുക

| | | |
|---|---|---|
| ഉപയോഗം | X | ദുരുപയോഗം |
| സുലഭം | X | ദുർലഭം |
| സജീവം | X | നിർജ്ജീവം |
| പ്രാധാന്യം | X | അപ്രാധാന്യം |
| ആവശ്യം | X | അനാവശ്യം |
| സമൃദ്ധം | X | ദരിദ്രം |
| ഉപകാരം | X | ഉപദ്രവം |

# പദം ചേർന്ന വാക്യം എഴുതുക

- **പ്രതീകം** :- നന്മയുടെ പ്രതീകമാണ് മദർതെരേസ
- **സജീവം** :- പോലീസ് നിരീക്ഷണം ഇല്ലാതായതോടെ മോഷ്ടാക്കൾ സജീവമായി.
- **സാർവത്രികം** :- ആശയവിനിമയത്തിനുള്ള ഏറ്റവും സാർവത്രികമായ മാർഗമാണ് സംസാരം
- **നാമാവശേഷം**:- മലവെള്ളപ്പാച്ചിലിൽ ഒരു ഗ്രാമം തന്നെ നാമാവശേഷമായി
- **ആവശ്യകത** :-കൊറോണയെ തടയാൻ മാസ്ക് ധരിക്കേണ്ടതിന്റ ആവശ്യകതയെക്കുറിച്ച് ആരോഗ്യ പ്രവർത്തകർ സംസാരിച്ചു.
- **തിരുശേഷിപ്പ്** :-മൺ മറഞ്ഞുപോയ കാലത്തിന്റെ തിരുശേഷിപ്പുകളായി ചില ആചാരങ്ങൾ ഇന്നും നിലനിൽക്കുന്നു



ഗവ.എൽ.പി.സ്കൂൾ ,ഒളശ്ശ

# ഓണം വന്നപ്പോൾ
# എന്തുകൊണ്ടായിരിക്കും കവി പ്രയാസപ്പെടുന്നത്?



LISTEN NOW

*ഒരു ചെടിയും നട്ടുവളർത്തീ ;*
*ലോണപ്പൂവെങ്ങനെ നുള്ളാൻ ?*

*ഒരു വയലും പൂട്ടിവിതച്ചീ ;-*
*ലോണച്ചോറെങ്ങനെയുണ്ണാൻ ?*

*ഒരു വാഴക്കന്നും നട്ടീ ;*
*ലോണപ്പഴമെങ്ങനെ തിന്നാൻ ?*

*ഒരു കഴിനൽപോലും നൂറ്റി ;-*
*ലോണത്തുണിയെങ്ങനെയണിയാൻ ?*

*ഒരു രാഗം മൂളിപ്പഴകീ ;-*
*ലോണപ്പാട്ടെങ്ങനെ പാടാൻ ?*

*ഒരു കരളിൽ സ്നേഹം പാകീ ;*
*ലോണക്കളിയെന്തുകളിക്കാൻ ?*

*ഉള്ളത്തിൽ കള്ളക്കർക്കടം ;*
*എങ്ങനെ പൊന്നോണം*
*പുലരാൻ ?*

എൻ. വി. കൃഷ്ണവാര്യർ

പണ്ടൊക്കെ അത്തം മുതൽ പത്തു ദിവസവും മുറ്റത്ത് പൂക്കളമിടും മുറ്റത്ത്നട്ടുവളർത്തിയ ചെടികളിൽ നിന്നും തൊടിയിൽ വളരുന്ന ചെടികളിൽ നിന്നുമൊക്കെയാണ് പൂക്കൾ പറിച്ചിരുന്നത്. ചെടികളൊന്നും നട്ടുവളർ ത്താത്തതു കൊണ്ടും തൊടിയും പാടവുമൊക്കെ ഇല്ലാതായതു കൊണ്ടും പൂക്കളമൊരുക്കാൻ പഴയതുപോലെ ഇന്ന് പൂക്കളില്ല. വയലുകളിൽ കൃഷി കുറഞ്ഞതു കൊണ്ട് ഓണത്തിന് സദ്യയൊരുക്കാൻ അരിയും ഇല്ല. മറ്റ കാർഷിക വിളകളുടെ കാര്യവും ഇതുപോലെ തന്നെ. വാഴപോലും നടാത്തതുകൊണ്ട് ഓണത്തിന് പഴവുമില്ല . നൂൽ നൂൽക്കാത്തത് കൊണ്ട് ഓണക്കോടിയുമില്ല.പിന്നെയെങ്ങനെ ഓണംആഘോഷിക്കും. ഇതോർത്താണ് കവി പ്രയാസപ്പെടുന്നത് .

# കൃഷിച്ചൊല്ലുകൾ

ആഴത്തിൽ ഉഴുത് അകലത്തിൽ നടണം

കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും മാണിക്യം

മുളയിലറിയാം വിള

സമ്പത്തുകാലത്തു തൈപത്തുവച്ചാൽ

ആപത്തുകാലത്തു കാപത്തുതിന്നാം

നിലമറിഞ്ഞു വിത്തു വിതയ്ക്കണം

ഉടമയുടെ ദൃഷ്ടി ഒന്നാന്തരം വളം .

അത്തത്തിനു വിതച്ചാൽ പത്തായം പത്തു വേണം

ഇല തൊട്ടാൽ കൊലയില്ല .

ഉഴുതുണ്ണുന്നവനെ തൊഴുതുണ്ണണം

കുംഭത്തിൽ നട്ടാൽ കുടത്തോളം

മീനത്തിലായാൽ മീൻ കണ്ണിനോളം

മരമറിഞ്ഞ് കൊടിയിടണം

വിത്തുഗുണം പത്തുഗുണം

പൂയത്തിനു മഴ പെയ്താൽ പുല്ലും നെല്ല്

LISTEN NOW



നെല്ല് കൃഷിയുടെ വിവിധ ഘട്ടങ്ങൾ അറിയാൻ ഇവിടെ ക്ലിക് ചെയ്യുക

# കൃഷിച്ചൊല്ലുകളും അവയുടെ ആശയങ്ങളും

| ചൊല്ലുകൾ | ആശയങ്ങൾ |
|---|---|
| **നിലമറിഞ്ഞ് വിത്ത് വിതയ്ക്കണം** | മണ്ണിന്റെ സ്വഭാവമറിഞ്ഞുവേണം വിത്തു വിതയ്ക്കാൻ |
| **ഉടമയുടെ ദൃഷ്ടി ഒന്നാന്തരം വളം** | ഉടമസ്ഥന്റെ മേൽനോട്ടം പോലെ കൃഷി അഭിവൃദ്ധിപ്പെടാൻ മറ്റൊരു വളമില്ല |
| **അത്തത്തിന് വിതച്ചാൽ പത്തായം പത്തു വേണം** | അത്തത്തിനു വിതച്ചാൽ നെല്ല് സമൃദ്ധമായി ഉണ്ടാകും |
| **ഇല തൊട്ടാൽ കുലയില്ല** | രണ്ടു വാഴകളുടെ ഇലകൾ തമ്മിൽ തൊടത്തക്ക രീതിയിൽ വാഴ നടരുത് . അങ്ങനെ നട്ടാൽ കുലകൾ വലുതാകില്ല |
| **ഉഴുതുണ്ണുന്നവനെ തൊഴുതുണ്ണണം** | കൃഷിക്കാരന്റെ മഹത്വം സൂചിപ്പിക്കുന്നു |
| **കുംഭത്തിൽ നട്ടാൽ കുടത്തോളം മീനത്തിലായാൽ മീൻ കണ്ണോളം** | കുംഭമാസത്തിലാണ് ചേന നടേണ്ടത് എന്ന ധ്വനി |
| **വിത്തുകുത്തി ഉണ്ണരുത്** | മൂലധനവും എടുത്ത് ചിലവഴിക്കരുത് |
| **വിതച്ചതേ കൊയ്യൂ** | നമ്മൾ ചെയ്യുന്നതിന്റെ ഫലമേ നമുക്ക് ലഭിക്കൂ |



| | |
|---|---|
| **പത്തായം പട്ടിണി കിടത്തരുത്** | പത്തായത്തിൽ നെല്ല് ഒരിക്കലും ഒഴിയാതെ സൂക്ഷിക്കണം. അത്യാവശ്യത്തിനുള്ളത് കരുതിയിട്ടേ ചിലവാക്കാവൂ |
| **മരമറിഞ്ഞ് കൊടിയിടണം** | ആളെ അറിഞ്ഞ് പെരുമാറണം |
| **വിത്തുഗുണം പത്തുഗുണം** | നല്ലവിത്തിൽ നിന്നേ നല്ല വിളവ് ലഭിക്കൂ |
| **പൂയത്തിനു മഴ പെയ്താൽ പുല്ലും നെല്ല്** | പൂയം ഞാറ്റുവേലയിലെ മഴ കൃഷിക്കു നന്ന് . |
| **കണ്ടം വിറ്റും കാളയെ വാങ്ങണോ ?** | പ്രധാനപ്പെട്ടവ കളഞ്ഞ് അപ്രധാനമായവയെ സ്വന്തമാക്കുന്നവരെ സൂചിപ്പിക്കുന്നു |
| **ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴയ്ക്കും** | നല്ലതു തിരഞ്ഞെടുത്തില്ലെങ്കിൽ ഫലം വിപരീതമായിരിക്കും |
| **മുളയിലറിയാം വിള** | ഒരു വിത്ത് മുളച്ചുവരുമ്പോൾ തന്നെ അതിൽ നിന്നും കിട്ടുന്ന വിളവിനെ കുറിച്ച് മനസിലാക്കാം |
| **കതിരിൽ വളം വയ്ക്കരുത്** | അവസാനനിമിഷത്തിലല്ലാതെ തുടക്കം മുതലേ ആവശ്യമായ പരിചരണം നല്കിയാലേ നന്നായി വളരൂ. |





# പഴയകാല കാർഷിക ഉപകരണങ്ങളും അവയുടെ ഉപയോഗവും

| ഉപകരണങ്ങൾ | ഉപയോഗം |
|---|---|
| തേക്കുകൊട്ട | ജലസേചനം |
| കലപ്പ | നിലം ഉഴുതുമറിക്കാൻ |
| അരിവാൾ | കൊയ്യുന്നതിന് |
| പത്തായം | വിത്തുകളും ധാന്യങ്ങളും സംഭരിച്ച് സൂക്ഷിക്കാൻ |
| നുകം | കാളകൾ അകന്നുപോകാതിരിക്കാനും കലപ്പ ഉറപ്പിക്കുന്നതിനും |
| കോട്ട് / തൂമ്പ | മണ്ണ് കിളയ്ക്കുന്നതിന് |
| മുറം | നെല്ല്,പയറുവർഗങ്ങൾ തുടങ്ങിയ ഭക്ഷണ സാധനങ്ങളിലെ മാലിന്യങ്ങൾ പേറ്റിക്കളഞ്ഞു വൃത്തിയാക്കാൻ |
| വല്ലം | ധാന്യങ്ങൾ സംഭരിച്ചു വയ്ക്കുന്നതിന് |
| പറ,ഇടങ്ങഴി,നാഴി | ധാന്യങ്ങൾ അളക്കുന്നതിന് |
| പനമ്പ് പായ | നെല്ല്,കുരുമുളക് മുതലായവ ഉണക്കി എടുക്കാനുള്ള പായ |
| ജല ചക്രം | ജലസേചനത്തിന് |

നാഴി




ഇടങ്ങഴി



പറ



മുറം



ചിക്ക് പായ



തേക്കുകൊട്ട



അരിവാൾ



ജലചക്രം



കലപ്പ



തൂമ്പ



# പഴയതും പുതിയതും


| പഴയകാല ഉപകരണങ്ങൾ | ആധുനിക ഉപകരണങ്ങൾ | ഉപയോഗം |
|---|---|---|
| കലപ്പ | ട്രാക്ടർ | നിലം ഉഴാൻ |
| തേവ്കൊട്ട | മോട്ടോർ പമ്പ് | ജലസേചനം |
| അരിവാൾ | കൊയ്ത്ത് യന്ത്രം | കൊയ്യാൻ |
| ഉരൽ ഉലക്ക | മിക്സി | ധാന്യങ്ങൾ പൊടിക്കാൻ |
| അരകല്ല് | മിക്സി | അരയ്ക്കാൻ |
| ആട്ടുകല്ല് | ഗ്രൈൻഡർ | ധാന്യങ്ങൾ ആട്ടി (അരച്ച്) എടുക്കാൻ |
| വെള്ളിക്കോൽ | ഇലക്ട്രോണിക് ത്രാസ്സ് | ഭാരം അളക്കാൻ |
| പിക്കാസ് / തൂമ്പ | മണ്ണുമാന്തി യന്ത്രം | മണ്ണ് ഇളക്കാൻ |








# നിലം ഉഴുതിരുന്ന കലപ്പയും
# വെള്ളം കോരിയിരുന്ന തേക്കുകൊട്ടയും
# തമ്മിലുള്ള സംഭാഷണം എഴുതിനോക്കാം




**കലപ്പ** :- നീ എന്താ ഇങ്ങനെ ചിന്തിച്ചിരിക്കുന്നത് ?

**തേക്കുകൊട്ട** :- കൃഷിയുണ്ടായിരുന്ന കാലത്തെക്കുറിച്ചൊക്കെ ഓർത്തതാ .

**കലപ്പ** :- ഇനി അതൊക്കെ ഓർത്തിട്ട് വെറുതെ വിഷമിക്കണോ ?

**തേക്കുകൊട്ട** :- ഒരുകാലത്ത് എത്രയെത്ര പാടങ്ങൾക്ക് വെള്ളമെത്തിച്ചു കൊടുത്തിരുന്നതാ?

**കലപ്പ** :- അതേയതേ..എത്രയെത്ര വയലുകൾ ഞാൻ ഉഴുതുമറിച്ചിട്ടുണ്ട് .

**തേക്കുകൊട്ട** :- മോട്ടോർ വന്നപ്പോൾ എന്നെയും , ട്രാക്ടർ വന്നപ്പോൾ നിന്നെയും വേണ്ടാതായി അല്ലേ.

**കലപ്പ** :- ഇനി നമ്മളെയൊക്കെ ആരെങ്കിലും ഓർക്കുമോ വയലുകളൊന്നും ഇന്ന് കാണാനേയില്ല.

**തേക്കുകൊട്ട** :- ഇപ്പോൾ കൃഷി തന്നെ ഇല്ലാതായി കൊണ്ടിരിക്കുകയല്ലേ..?

**കലപ്പ** :- ശരിയാണ് . അങ്ങനെ ഒരിക്കലും സംഭവിക്കാതിരിക്കട്ടെ . കൊയ്ത്തുൽസവങ്ങളും നിറഞ്ഞു നിൽക്കുന്ന വയലുകളും ഇനിയും തിരിച്ചു വരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം

## മറ്റു സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് എത്തുന്ന നിത്യോപയോഗ സാധനങ്ങൾ ഏതെല്ലാം ?

| നിത്യോപയോഗ സാധനങ്ങൾ | സാധനങ്ങൾ വരുന്ന സംസ്ഥാനങ്ങൾ |
|---|---|
| അരി | ആന്ധ്ര , ഹരിയാന , പഞ്ചാബ് |
| ഗോതമ്പ് | പഞ്ചാബ് , രാജസ്ഥാൻ |
| പഞ്ചസാര | ഉത്തർപ്രദേശ് |
| പച്ചക്കറികൾ | തമിഴ് നാട് , ആന്ധ്ര , കർണാടക |
| പഴങ്ങൾ | തമിഴ്നാട് , ഉത്തർപ്രദേശ് , കാശ്മീർ |
| പരിപ്പ് | മഹാരാഷ്ട്ര , ഉത്തർപ്രദേശ് |
| കടുക് | ഹരിയാന , മധ്യപ്രദേശ് , രാജസ്ഥാൻ |
| കടല | കർണാടക , മഹാരാഷ്ട്ര , ആന്ധ്രാപ്രദേശ് |
| ഉപ്പ് | ഗുജറാത്ത് , ഒറീസ്സ , ഹിമാചൽപ്രദേശ് |

**രാത്രി പത്തായത്തിനുമുകളിൽ പായ വിരിച്ചു കിടന്ന ഉണ്ണിയോട് പത്തായം പതുക്കെ സ്വന്തം കഥ പറഞ്ഞുതുടങ്ങി. എന്തൊക്കെയായിരിക്കും പത്തായം പറഞ്ഞിട്ടുണ്ടാവുക ?**

# ആത്മകഥ

പ്ലാവിൻതടികൊണ്ട് മിടുക്കന്മാരായ രണ്ട് ആശാരിമാരാണ് എന്നെ നിർമ്മിച്ചത്. അന്നത്തെക്കാലത്ത് ഓരോ വീട്ടിലും എനിക്ക് വലിയ സ്ഥാനമാണുണ്ടായിരുന്നത്. ആഹാരത്തിനുള്ള നെല്ലും കൃഷിക്കുള്ള വിത്തുകളും സൂക്ഷിക്കാനാണ് എന്നെ പ്രധാനമായും ഉപയോഗിച്ചിരുന്നത്. വിലകൂടിയ വസ്തുക്കൾ സൂക്ഷിക്കുന്നതിനും എന്നെ ഉപയോഗിച്ചിരുന്നു. എന്നെക്കുറിച്ച് പഴഞ്ചൊല്ലുവരെ ഉണ്ട് .' പത്തായം പെറും ചക്കി കുത്തും അമ്മ വയ്ക്കും ഉണ്ണി ഉണ്ണും' എന്ന ചൊല്ല് ഉണ്ണി കേട്ടിട്ടില്ലേ ? നിന്റെ കൂട്ടുകാരോട് ചോദിച്ചു നോക്കൂ , പലർക്കും എന്നെ അറിയുകപോലുമില്ല . നാട്ടിൽ ഇപ്പോൾ കൃഷി ഇല്ലാതായി . കൃഷി ഇല്ലാതായതോടെ എന്റെ ആവശ്യവും ഇല്ലാതായി. ' ഈ പത്തായം ഇവിടെ സ്ഥലം മുടക്കിക്കിടക്കുകയാ , ഇതുപൊളിച്ച് നല്ല ഒരു അലമാരയുണ്ടാക്കാം ' എന്ന് നിന്റെ അമ്മ പറയുന്നതു കേട്ടു. പല പത്തായങ്ങളും ഇങ്ങനെ ജനലും വാതിലും അലമാരയുമൊക്കെയായി മാറിക്കഴിഞ്ഞു .






## ഉത്തരമെഴുതുക

1. **പത്തായം എന്ന ലേഖനം എഴുതിയത് ആര് ?**

   മുരളീധരൻ തഴക്കര.

2. **സുഖിമാന്മാരായി , അധ്വാനിക്കാതെ ജീവിക്കുന്നവരെ സൂചിപ്പിക്കാൻ പറയുന്ന ചൊല്ല് ഏത് ?**

   "പത്തായം പെറും ചക്കി കുത്തും അമ്മ വയ്ക്കും ഉണ്ണി ഉണ്ണും"

3. **പൂർവികർ അവരുടെ സമ്പാദ്യം എവിടെയായിരുന്നു സൂക്ഷിച്ചത്?**

   പത്തായങ്ങളിൽ

4. **പത്തായങ്ങളിൽ എന്തൊക്കെയാണ് സൂക്ഷിച്ചിരുന്നത് ?**

   നെല്ലും വിത്തും പിന്നെ വിലപിടിപ്പുള്ള സമ്പാദ്യങ്ങളും .

5. **'ഇരുമുറി പത്തായത്തിൽ ഒരു മുറി വിത്തിന് ' ഈ ചൊല്ല് അർഥമാക്കുന്നത് ?**

   കൃഷിയുടെ പ്രാധാന്യം . നാളത്തെ കൃഷിക്കുവേണ്ടി വിത്ത് സൂക്ഷിക്കാൻ പത്തായത്തിന്റെ ഒരുഭാഗം ഉപയോഗിച്ചിരുന്നു .

6. **വലിയ പത്തായങ്ങളും പത്തായപ്പുരകളും എന്തിന്റെ പ്രതീകങ്ങളായിരുന്നു?**

   ഗതകാലസമൃദ്ധിയുടെ



7. **പത്തായം പണിയുന്നതിന് സാധാരണയായി ഉപയോഗിച്ചിരുന്ന തടി ഏത് ?**

പ്ലാവിന്റെ തടി .

8. **ഇന്ന് നമുക്ക് വേണ്ട അരി എവിടെ നിന്നാണ് ലഭിക്കുന്നത്?**

അന്യ സംസ്ഥാനങ്ങളിൽ നിന്ന്.

9. **പത്തായം പാറ്റയുടെയും എലിയുടെയും സങ്കേതങ്ങളായി മാറാൻ കാരണമെന്ത്?**

വളരെ കാലമായി യാതൊരു ഉപയോഗവും ഇല്ലാതെ ഇരിക്കുന്നതിനാൽ.

10. **പത്തായം പണിയിപ്പിക്കുവാൻ ഇന്നാരും തയ്യാറാവാത്തതിന്റെ കാരണമെന്ത്?**

നല്ല പത്തായങ്ങൾ ഉണ്ടാക്കുക എന്നത് ഏറെ അധ്വാനവും പണച്ചെലവുമുള്ള കാര്യമാണ്. മാത്രമല്ല തടിയുടെ ലഭ്യതക്കുറവും പരിചയ സമ്പന്നരായ ആശാരിമാരുടെ കുറവും വർദ്ധിച്ച പണിക്കൂലിയും കാരണമാണ് പത്തായം പണിയിപ്പിക്കാൻ ഇന്നാരും തയ്യാറാവാത്തത്.

11. **പത്തായങ്ങളുടെ ആവശ്യകത ഇല്ലാതായത് എങ്ങനെ ?**

വിളവെടുപ്പിനുശേഷം നെല്ലും മറ്റു ധാന്യങ്ങളും അടുത്ത കൃഷിക്കാലം വരെ ഭദ്രമായി സൂക്ഷിക്കുന്നതിനുള്ള സംഭരണികളായിരുന്നു പത്തായങ്ങൾ . നെൽകൃഷി ഇല്ലാതായതോടെ പത്തായങ്ങളുടെ ആവശ്യവും ഇല്ലാതായി.



12. പറഞ്ഞു പതിഞ്ഞ ചൊല്ല് നമുക്ക് തിരുത്താം ' എന്ന് ലേഖകൻ പറയുന്നത് എന്തുകൊണ്ടാണ് ?

പത്തായം പെറുന്നില്ല . ചക്കി കുത്തുന്നില്ല . അമ്മ വയ്ക്കുന്നതും നമ്മൾ കഴിക്കുന്നതും അന്യ സംസ്ഥാനങ്ങളിൽ കൃഷിചെയ്യുന്ന അരിയാണ് . അതാണ് പറഞ്ഞു പതിഞ്ഞ ചൊല്ല് തിരുത്താം എന്ന് ലേഖകൻ പറയുന്നത് .

13. നമ്മുടെ പൂർവികർ പത്തായം ഉപയോഗിച്ചിരുന്നത് എന്തിനൊക്കെ വേണ്ടിയായിരുന്നു ?

ധാന്യങ്ങൾ , പ്രത്യേകിച്ച് നെല്ലും വിത്തും സംഭരിച്ച് സൂക്ഷിക്കുവാനും വിലപിടിപ്പുള്ള വസ്തുക്കളും സമ്പാദ്യങ്ങളും സൂക്ഷിക്കാനുമാണ് നമ്മുടെ പൂർവികർ പത്തായം ഉപയോഗിച്ചിരുന്നത്

14. ഇന്നത്തെക്കാലത്ത് നമ്മുടെ വീടുകളിൽ പത്തായത്തിന്റെ അവസ്ഥ എന്താണ് ?

നെൽകൃഷി നാമാവശേഷമായതോടെ ഇന്ന് വീടുകളിൽ പത്തായങ്ങളുടെ ആവശ്യവും ഇല്ലാതായി. ഉപയോഗമില്ലാതെ കിടക്കുന്ന പത്തായങ്ങൾ പാറ്റകളുടെയും എലികളുടെയും സങ്കേതമായി മാറിയിരിക്കുന്നു . സ്ഥലം മുടക്കിക്കിടക്കുന്ന പത്തായങ്ങൾ പലരും പൊളിച്ചുമാറ്റി തടി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു .

15. ഇന്ന് നമുക്ക് പത്തായങ്ങളെന്തിന് എന്ന് ലേഖകൻ ചോദിക്കാൻ കാരണമെന്ത് ?

16. പ്രധാനമായും ആഹാരത്തിനുള്ള നെല്ലും കൃഷിക്കുള്ള വിത്തും സൂക്ഷിക്കുന്നതിനാണ് പത്തായം ഉപയോഗിച്ചിരുന്നത് . ഇന്ന് നെൽകൃഷി തീരെ ഇല്ലാതായിരിക്കുന്നു . അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് നമുക്ക് ആവശ്യമുള്ള അരി എത്തുന്നത് . നെൽക്കൃഷി കുറഞ്ഞതോടെ പത്തായത്തിന്റെ ആവശ്യവും ഇല്ലാതായി. അതുകൊണ്ടാണ് ഇന്ന് നമുക്ക് പത്തായങ്ങൾ എന്തിന് എന്ന് ലേഖകൻ ചോദിക്കുന്നത്

ഇവിടെ ക്ലിക് ചെയ്യൂ

# ജീവചരിത്രക്കുറിപ്പ്

## മുരളീധരൻ തഴക്കര

ആലപ്പുഴ ജില്ലയിലെ മാവേലിക്കരയ്ക്കടുത്ത് തഴക്കരയിൽ 1959 ൽ ജനിച്ചു. കേരള കാർഷിക സർവകലാശാലയിൽ നിന്ന് കൃഷിശാസ്ത്രത്തിൽ ബിരുദം നേടി. 1992 ൽ കോഴിക്കോട് ആകാശവാണിയിൽ ഫാം റേഡിയോ റിപ്പോർട്ടറായി ജോലിലഭിച്ചു. 1998 - ൽ തിരുവനന്തപുരം ആകാശവാണിയിലേക്കു സ്ഥലംമാറ്റം കിട്ടി. അന്നു മുതൽ ' വയലും വീടും ' പരിപാടിയുടെ പൂർണചുമതല അദ്ദേഹം നിർവ്വഹിച്ചു . 2019 ൽ ആകാവാണിയിൽ നിന്ന് വിരമിച്ചു. കൃഷിയിലെ പുതുപ്രവണതകളെ കർഷകർക്ക് പരിചയപ്പെടുത്തുമ്പോൾ തന്നെ പഴയ സമ്പ്രദായങ്ങളുടെ മഹിമ എടുത്തു കാട്ടുകയും ചെയ്തതിലൂടെ മുരളീധരൻ വ്യത്യസ്തനായി.



കൃഷിയിലെ നാട്ടറിവ് ,ഓർമയിലെ കൃഷിക്കാഴ്ചകൾ, നാട്ടു നമൊഴികൾ, പഴമൊഴി പെരുമ, കാർഷികാചാരങ്ങൾ , കാഴ്ചയും വിചാരവും , നന്മയുടെ നടവഴികൾ , കേരളം ജീവിച്ചതിങ്ങനെ, നന്മയുടെ സങ്കീർത്തനം , സ്മൃതിഗന്ധികൾ പൂക്കുമ്പോൾ , വിളകൾ വന്ന വഴികൾ എന്നിവയാണ് പ്രധാന കൃതികൾ. മികച്ച റേഡിയോ ഡോക്യുമെന്ററിക്കുള്ള ദേശീയ അവാർഡ് , നാളികേര വികസന ബോർഡിന്റെ ദേശീയ അവാർഡ് , കേരള സംഗീത നാടക അക്കാദമി പുരസ്കാരം , സംസ്ഥാന സർക്കാരിന്റെ ശ്രവ്യ മാധ്യമ പുരസ്കാരം എന്നിവയടക്കം നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട് .

തയ്യാറാക്കിയത്

രാഹുൽ .റ്റി

ഗവ.എൽ.പി.സ്കൂൾ ,ഒളശ്ശ,കോട്ടയം

9495809114